32. Town Improvement Scheme for Mattancheri.

Mr. Popatlal Goverdhan Lalan.—"*This Council recommends to the Government that immediate steps be taken to work up the Town Improvement Scheme in Mattancheri as submitted by the Committee appointed for that purpose*".

മട്ടാഞ്ചേരിപട്ടണം നന്നാക്കാൻ വേണ്ടി Improvement കമ്മിറ്റിയെ തുപീകരിച്ചിരുന്നു. എന്നാൽ ഈ കമ്മിറ്റി ഗവമ്മെൻറു മുൻപാകെ റിപ്പോർട്ട സമർപ്പിച്ചിട്ട കുറെ അധികം കാലമായെങ്കിലും ഇതുവരെ യാതൊരു പ്രവൃത്തിയും ചെയ്യുകാണാത്തതുകൊണ്ടാണു് ഈ പ്രമേയം അവതരിപ്പിച്ചതു്. ഠൗൺ സ്കീംകൊണ്ടു ഈ പട്ടണത്തിൽ ഇപ്പോഴുള്ള ചില വിഷമങ്ങൾ കുറയുന്നതാണു്. ക്രൂടാതെ കനാൽ സ്കീം ഇതോടുകൂടി ചേർത്തുകൊണ്ടു അതുവഴിയുള്ള തോടുകൾ വേഗം നന്നാക്കേണ്ടതാണു്. ഹാർബറിൻെറ 4-ാം ഘട്ടംപരിപൂർത്തിയോടുകൂടി കപ്പലുകളുടെ പോക്കുവരവുകൾ വർദ്ധിക്കും. അപ്പോൾ ചെറിയ വഞ്ചികൾക്കു സഞ്ചരിക്കാൻ വളരെ ബുദ്ധിമുട്ടുണ്ടാവാൻ വഴിയുള്ളതാണു്. ഈ തോടുകൾവഴി ഉൾനാടുകളിൽ വ്യാപാരം നടത്താൻ സാധിക്കും. അതേപ്രകാരംതന്നെ ഈ പട്ടണത്തിലെ മലിനതകൾ ഈ തോടുമാർഗ്ഗം പുറത്തേക്കു അയക്കുകയും ചെയ്യാം. ഈ സ്കീം നടപ്പിൽ വരുത്താൻ കുറെ പണം ചിലവുണ്ടെങ്കിലും ആ പണം ആദ്യം ഗവമ്മെൻറിൽനിന്നു ചിലവുചെയ്യുമെന്നാണു് എൻെറ വിശ്വാസം. പണമില്ലെന്നു കായ്യം പറഞ്ഞു് നിറുത്തിവെക്കാൻ പാടില്ലെന്നാണു് ഞാൻ പറയുന്നതു്. ഈ സ്കീംകൊണ്ടു് ഗവമ്മെൻറിലേക്കു ധാരാളം പണം വരവുണ്ടാകുമെന്നു ആ റിപ്പോർട്ട വായിച്ചുനോക്കിയാലറിയാം. അതിൽ പറഞ്ഞിരിക്കുന്നതരത്തിലുള്ള തോടുകൾ കുത്തിക്കുകയും ഉള്ളവ ഗതാഗതത്തിനു ഉപകരിക്കുംവിധം പരിഷ്കരിക്കുകയും ചെയ്താൽ വ്യാപാരങ്ങൾ വർദ്ധിക്കും. ഈവക തോടുകൾ നന്നാക്കുന്ന അവസരത്തിൽ അതിനടുത്തുള്ള നികുത്തുകൾ ഒരേ ലവലിൽ കൊണ്ടുവരാൻ എളുപ്പമാണു്. ക്രൂടാതെ മട്ടാഞ്ചേരി പട്ടണം ഖ്യാതിയിൽ വരുന്നതുകൊണ്ടു് അന്യരാജ്യങ്ങളിൽനിന്നും അനേകം ജനങ്ങൾ ഈ പട്ടണം കാണുവാൻ വരുന്നതാണു്. ആ സമയത്തു് ഈ പട്ടണത്തിൻെറ സ്ഥിതിയെപ്പറ്റി സന്ദർശകന്മാർക്കു നല്ല അഭിപ്രായം ഉണ്ടാകുന്നതല്ല. ഇത്തരം ദുഷിച്ച അഭിപ്രായം കൊടുക്കാൻ ബഹുമാനപ്പെട്ട ഗവമ്മെൻറു ഇടകൊടുക്കരുതു്. മട്ടാഞ്ചേരിയിലെ റോഡിൽകൂടി നടക്കാൻ എത്രമാത്രം ബുദ്ധിമുട്ടുണ്ടെന്നു ദിവാൻജി അവർകൾ നേരിട്ടു നോക്കിയാലറിയാം. ഞങ്ങൾ ഈ സഭയിൽ എന്തുകായ്യംകൊണ്ടുവന്നാലും പണത്തിൻെറ അഭാവംകൊണ്ടു യാതൊന്നും ചെയ്യാൻ നിവൃത്തിയില്ലെന്നാണു് പറയുന്നതു്. എന്നാൽ മട്ടാഞ്ചേരിയുടെ കായ്യത്തിൽ ദിവാൻജി അദ്ദേഹം പ്രത്യേകിച്ചു ആലോചിക്കേണ്ടതു് അത്യാവശ്യമായിരിക്കുന്നു. ദിവാൻജി അദ്ദേഹംതന്നെ മട്ടാഞ്ചേരിയെപ്പറ്റി വളരെ പ്രശംസിച്ചു പലരോടും പറഞ്ഞിട്ട

LIBRARY ARCHIVES Kerala Legislative Assembly

ണ്ട്. അതു കേൾക്കാൻ ഇടവന്നാവർ പിന്നീട ഈ പട്ടണം സന്ദർശിക്കുമ്പോൾ ആ ഖ്യാതി ഈ പട്ടണം അർഹിക്കുന്നില്ലെന്നു വന്നാൽ മിസ്റ്റർ ചെയർമാൻ അദ്ദേഹത്തിന്റെ പേരിനുതന്നെ കളങ്കം പറ്റുന്നതാണ്. അതുകൊണ്ട് അതിന്റെ പരിഹാരത്തിനുവേണ്ടിയെങ്കിലും വല്ലതും ചെയ്യേണ്ടതാണ്.

Mr. A. V. Moothedan.—I second it.

Mr. M. V. Cherian.—On a point of information, may I know whether the Government has passed any orders on the recommendations of the Committee?

Mr. T. S. Narayana Ayyar.— The report of the Committee appointed to enquire into this question has been considered by Government and Government have already passed orders, with a view to take early action. The preamble of this order says—"The question of improving the Town of Mattancherri is an important one and the extent of work to be done will naturally be of such a magnitude that the scheme cannot be pushed through in any particular year. In the light of the great congestion and as a consequence of the Harbour development it is necessary to come to a decision at an early date on the question of town improvement". The committee consisted of the Chief Engineer, the Director of Public Health, the Diwan Peishkar and the Municipal Chairman. All the items of work that have to be carried out have been detailed in the report. Negotiations are now going on with the Municipalty to give effect to each of these proposals. Early steps will be taken to carry out their recommendations.

മിസ്റ്റർ പോപ്പുറുലാൽ ഗോവർദ്ധനലാലൻ.— സർ, ബഹുമാനപ്പെട്ട സിക്രട്ടറിയുടെ മറുപടികേട്ടിട്ട് എനിക്കു വളരെ സന്തോഷമായിരിക്കുന്നു. ഗവൺമെന്റു ഈ സ്കീം നടപ്പിൽ വരുത്താമെന്നു പറഞ്ഞതു മട്ടാഞ്ചേരിയുടെ ഭാഗ്യമാണെന്നു വിചാരിക്കാം. ഈ സ്കീം നടത്തുന്നതു ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിലായാൽ കൊള്ളാമെന്നുപറഞ്ഞുകൊണ്ട് ഞാൻ പ്രമേയത്തെ പിൻവലിക്കുന്നു.

Resolution was, by leave, withdrawn.

Mr. President.—In view of the very rapid progress in the despatch of business today, I will have no objection to adjourn the House.

The House rose for the day at 4-20 p. m.

B. V. KRISHNANKUTTY MENON,
Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly